"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ സ്കൂളുകളിൽ എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം (YIP) സംബന്ധിച്ച പരിശീലനം കേരള ഡെവലപ്പ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റെജിക് കൗൺസിലുമായി ചേർന്ന് നൽകുന്നതിനും തുടർപ്രവർത്തനങ്ങൾക്കും കൈറ്റിനേയും, മോണിറ്ററിംഗിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.4650/2022/GEDN തീയതി,തിരുവനന്തപുരം, 08-08-2022

---

പരാമർശം:-

1. 02.07.2022 ലെ മീറ്റിങ്ങിന്റെ മിനുട്സ്.
2. 03.08.2022 ലെ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കൈറ്റ്/2022/1562(48) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

യങ് ഇന്നവേറ്റേഴ്സ് പദ്ധതിയുടെ സാധ്യതകൾ പൊതുവിദ്യാലയങ്ങളിലെ എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എത്തിക്കുന്നതിനുള്ള ചർച്ചകൾ പരാമർശം 1 പ്രകാരം നടത്തുകയും തുടർന്ന് K-DISC ഉം KITE ഉം നടത്തിയ ചർച്ചകളുടേയും ശില്പശാലയുടേയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബുകൾ മുഖേന വിദ്യാർത്ഥികൾക്ക് യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം (YIP) പരിശീലനം നൽകാൻ തീരുമാനിച്ചിരുന്നു എന്നും ആയതിനാൽ വിദ്യാർത്ഥികൾക്ക് കേരള ഡെവലപ്പ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റെജിക് കൗൺസിലുമായി ചേർന്ന് പരിശീലനം നൽകുന്നതിനും തുടർപ്രവർത്തനങ്ങൾക്ക് കൈറ്റിനേയും മോണിറ്ററിംഗിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേയും ചുമതലപ്പെടുത്താവുന്നതാണെന്നും പരാമർശം (2) കത്തിൽ സി.ഇ.ഒ. കൈറ്റ് അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം (YIP) സംബന്ധിച്ച പരിശീലനം കേരള ഡെവലപ്പ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റെജിക് കൗൺസിലുമായി ചേർന്ന് നൽകുന്നതിനും തുടർപ്രവർത്തനങ്ങൾക്ക് കൈറ്റിനേയും, മോണിറ്ററിംഗിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sindhu S**
**Date: 08-08-2022 12:43:19**

സെക്ഷൻ ഓഫീസർ